ഉത്തരം

ഉണ്ട്. റിസർവ്വ് ബാങ്ക് നിർദ്ദേശാനുസരണം വിവിധ ജില്ലാ ബാങ്കുകൾ 158.08 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു.

ഇളംങ്കുളം ബാങ്കിൽ ദുർവിനിയോഗം ചെയ്ത തുക ഈടാക്കാൻ നടപടി

110 (952) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംങ്കുളം ബാങ്കിലെ ധനദുർവിനിയോഗത്തെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയുടെ ദുർവിനിയോഗമാണ് നടന്നിട്ടുള്ളത് ;

(സി) ധനദുർവിനിയോഗം നടത്തിയ ഡയറക്ടർ ബോർഡിനെ പിരിച്ചു വിട്ടുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ദുർവിനിയോഗം ചെയ്തവരിൽ നിന്നും തുക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണനിയമം 65-ാം വകുപ്പ് പ്രകാരമുള്ള സഹകരണ വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ചു. 68-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണവും തുടർ നടപടികളും നടന്നുവരുന്നു. വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

(ബി) വിവിധ ഇനത്തിൽ 4 കോടി 35 ലക്ഷത്തിൽപ്പരം രൂപയുടെ ധന ദുർവിനിയോഗം നാളിതുവരെ സഹകരണവകുപ്പു കണ്ടുപിടിച്ചിട്ടുണ്ട്.

(സി) പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) 68-ാം വകുപ്പ് പ്രകാരമുള്ള സർചാർജ് തുടങ്ങിയ തുടർ നടപടി സ്വീകരിച്ചുവരുന്നു.

ഇളംങ്കുളം ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച നിയമ നടപടികൾ

111 (953) ശ്രീ. എ. കെ. മണി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംങ്കുളം ബാങ്കിൽ നടന്ന അഴിമതികളെക്കുറിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഈ അന്വേഷണത്തിൽ ആരെങ്കിലും കുറ്റക്കാർ ആണെന്ന് വ്യക്തമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സംഘത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ളവരെ പ്രസ്തുത ബാങ്കിൽ അംഗങ്ങളായി ചേർത്തിരുന്നു എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അപ്രകാരം അംഗത്വം എടുത്തവർ ആരെല്ലാമാണ് ;

(എഫ്) ബാങ്കിന്റെ അധികാരപരിധിക്ക് പുറത്തുള്ള വസ്തുക്കളുടെ ജാമ്യത്തിൽ ലോൺ എടുത്തതായി പരാതി ഉണ്ടായിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എച്ച്) അന്വേഷണറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടി എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഐ) ക്രമക്കേടുകൾ സംബന്ധിച്ച നിയമ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) വ്യക്തമായിട്ടുണ്ട്.

(സി) ബാങ്ക് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എം. ഗോപിനാഥൻ നായരുടെ ബ്രാഞ്ച് മാനേജർമാരായ ശ്രീ. കെ. ലംബോ, ശ്രീ. ജോയി ജോസ് എന്നിവരും അന്നത്തെ ഭരണസമിതി അംഗങ്ങളും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി&ഇ) സഹകരണവകുപ്പു നടത്തിയ അന്വേഷണ സമയത്ത് ആർ. ഗീതാലക്ഷ്മി, ഡൊമനിക് ജോസഫ്, തോമസ് എബ്രഹാം, രാജേഷ്, കേശവൻനായർ, സണ്ണിജോർജ്ജ് ബാലചന്ദ്രൻ, ഐ. വി. ജോസഫ്, ജോസഫ് മാത്യു, സരോജിനി അമ്മ, ജോതി കെ.നായർ, വിജി, ഇന്ദിര, രാമചന്ദ്രൻനായർ, രാധാമണിയമ്മ, തോമസ്സ് തുടങ്ങിയ അധികാര പരിധിക്ക് പുറത്തുള്ള വരെ അംഗങ്ങളായി ചേർത്തിട്ടുള്ളതായി കണ്ടിട്ടുണ്ട്.

(എഫ്&ജി) ഇത്തരത്തിൽ പലർക്കും വായ്പ കൊടുത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പരിശോധന പ്രത്യേകം നടത്തിവരുന്നു.

(എച്ച്) സഹകരണവകുപ്പിന്റെ 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തെ തുടർന്ന് 68-ാം വകുപ്പ്പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിച്ചുവരുന്നു. മുൻ സെക്രട്ടറിയായിരുന്ന എം. ഗോപിനാഥൻ നായരിൽ നിന്നും ഈടാക്കാനുള്ള തുകയ്ക്ക് എ.ആർ.ബി. 29/97-ാം നമ്പരായി ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ടിയാന്റെ പേരിലുള്ള വസ്തു ജോയിന്റ് രജിസ്ട്രാറുടെ 29/97 -ലെ എ.ഇ.എൻ 5103/97 നമ്പർ ഉത്തരവ് പ്രകാരം ഉടൻ ജപ്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ടി വസ്തുവിൽ ശ്രീ. രാധാകൃഷ്ണൻ നായർ ക്ലെയിം പെറ്റീഷൻ സമർപ്പിച്ച സാഹചര്യത്തിൽ കേസ് തീർപ്പാക്കിയിട്ടില്ല. വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സഹകരണ നിയമം 65-ാം വകുപ്പ്പ്രകാരമുള്ള അന്വേഷണത്തിൽ 3 വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ചാണ് വിശദ പരിശോധന നടത്തിയത്. ഈ അന്വേഷണത്തിൽ കണ്ടെത്തിയ ധന ദുർവിനിയോഗത്തെ സംബന്ധിച്ച് 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

എടക്കാട് ബ്ലോക്ക് എക്സ് സർവ്വീസ് മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

112 (954) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് എക്സ് സർവ്വീസ് മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തന പരിധി ഒഴിവാക്കി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സ് സർവ്വീസ്മെൻസ് സഹകരണ സംഘത്തെ വകുപ്പ് 7(1)'സി' യിൽ നിന്ന് ഒഴിവാക്കി ഒരു 'വികസന ബ്ലോക്ക്' പ്രവർത്തന പരിധിയായി സംഘം രജിസ്റ്റർ ചെയ്തു വിജയകരമായി നടത്തുവാൻ സാധ്യത ഇല്ലാത്തതിനാൽ വകുപ്പു 7(1) 'സി' യിൽ നിന്ന് ഒഴിവാക്കുവാൻ നിർവാഹമില്ല എന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ലോകബാങ്ക് സഹായമുള്ള വൻകിട ജലസേചനപദ്ധതികൾ

113 (846) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട ജലസേചനപദ്ധതിക്കായി ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) വൻകിട ജലസേചനപദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ പുതുതായി എത്ര ഹെക്ടർ സ്ഥലത്തേയ്ക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly